കേരള സർക്കാർ

വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്

ജില്ലാ ഇൻഫർമേഷൻ ആഫീസ് 2018 ഡിസംബർ 01 ശനി

കാസർകോട്
www.prd.kerala.gov.in 04994 255145 dioksgd@gmail.com

## കാസർകോട് ലോകസഭാ മണ്ഡലത്തിൽ

## 26.70 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി

16-ാം ലോകസഭയിലെ എം.പി.മാരുടെ പ്രാദേശിക വികസന പദ്ധതിയിൽ കാസർകോട് ലോകസഭാ മണ്ഡലത്തിൽ 26.70 കോടി രൂപയുടെ പദ്ധതികൾക്കു ഭരണാനുമതി നൽകിയതായി പി. കരുണാകരൻ എം.പിയുടെ പ്രാദേശിക വികസനനിധി അവലോകന യോഗം വിലയിരുത്തി. എം.പി. നിർദ്ദേശിച്ച 496 പദ്ധതികളിൽ 407 പ്രവർത്തികൾക്ക് ഇതിനകം അനുമതി നൽകിയതായും 251 പദ്ധതികൾ പൂർത്തീകരിച്ചതായും 156 പ്രവർത്തികളുടെ നിർവഹണം നടന്നു വരുന്നതായും യോഗം വിലയിരുത്തി. ഇതിൽ 3.8 കോടി രൂപയുടെ പ്രവർത്തികൾ പട്ടികജാതി, പട്ടികവർഗ മേഖലകളിലാണ് അനുവദിച്ചത്. ഇതുവരെ ആകെ 15.15 കോടി രൂപ ചെലവഴിച്ചു.

ജില്ലയിൽ 71 റോഡ് പ്രവർത്തികളും, സ്കൂളുകൾക്കും വായനശാലകൾക്കുമായി 36 കെട്ടിട നിർമ്മാണ പ്രവർത്തികളും, 27 സ്കൂളുകൾക്കു വാഹനവും, 86 സ്കൂളുകൾക്കു കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും, പട്ടിക ജാതി പട്ടിക വർഗ മേഖലകളിൽ 44 പദ്ധതികൾക്കും ഭരണാനുമതി നൽകി.

കാസർകോട് പാർലമെന്റ് മണ്ഡലത്തിൽ നിർവഹണം നടന്നുവരുന്ന പ്രവർത്തികൾക്കു ലഭിക്കുവാനുള്ള തുക കേന്ദ്ര സർക്കാരിൽ നിന്നും അടിയന്തരമായി ലഭ്യമാക്കുന്നതിനു നടപടി സ്വീകരിച്ചതായി എം പി യോഗത്തിൽ അറിയിച്ചു. പൂർത്തിയായ പ്രവർത്തികളുടെ ബില്ലുകൾ അടിയന്തരമായി തയാറാക്കി നൽകുന്നതിനും പട്ടിക ജാതി-പട്ടിക വർഗ മേഖലകളിൽ എം.പി നിർദ്ദേശിച്ച പദ്ധതികളുടെ എസ്റ്റിമേറ്റ് മുൻഗണനാടിസ്ഥാനത്തിൽ തയാറാക്കി നൽകുന്നതിനും കുടിവെള്ള പദ്ധതികൾക്കു മുൻഗണന നൽകി പ്രാവർത്തികമാക്കാനും യോഗം നിർവഹണ ഉദ്യോഗസ്ഥർക്കു നിർദ്ദേശം നൽകി.

സംസ്ഥാനത്ത് എം.പി ഫണ്ട് വിനിയോഗത്തിൽ മികച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞതായി എം.പി പറഞ്ഞു. ഈ നേട്ടം കൈവരിക്കുന്നതിൽ ഉൽസാഹിച്ച എല്ലാ നിർവഹണ ഉദ്യോഗസ്ഥരെയും എം.പി. അഭിനന്ദിച്ചു. 2019 മാർച്ച് മാസത്തോടെ 100 ശതമാനം പുരോഗതി കൈവരിക്കാനാണു ശ്രമമെന്ന് എം.പി. പറഞ്ഞു.

ജില്ലാ ആസൂത്രണ സമിതി കോൺഫറൻസ് ഹാളിൽ ചേർന്ന നിർവഹണ ഉദ്യോഗസ്ഥരുടെ യോഗത്തിൽ ജില്ലാ പ്ലാനിംഗ് ഓഫീസർ എസ്. സത്യപ്രകാശ്. ഫൈനാൻസ് ഓഫീസർ കെ.സതീശൻ എന്നിവരും വിവിധ നിർവഹണ ഉദ്യോഗസ്ഥരും പങ്കെടുത്തു.

(തുടരും)

# ലോക ഭിന്നശേഷി ദിനാചരണം ജില്ലാതല ഉദ്ഘാടനം

## നാളെ മേലാങ്കോട്ട്; ഒരുക്കങ്ങൾ പൂർത്തിയായി

ലോക ഭിന്നശേഷി ദിനാചരണം ജില്ലാതല ഉദ്ഘാടനം മേലാങ്കോട്ട് എ.സ കണ്ണൻ നായർ സ്മാരക ഗവ.യു.പി.സ്കൂളിൽ നാളെ(03) രാവിലെ 10ന് ജില്ലാ കലക്ടർ ഡോ.ഡി.സജിത് ബാബു ഉദ്ഘാടനം ചെയ്യും.

ജില്ലയിലെ മുഴുവൻ വിദ്യാലയങ്ങളിലും നടന്ന ഒരാഴ്ച നീണ്ടു നിന്ന വിവിധ പരിപാടികളുടെ സമാപനം കൂടി നാളെ നടക്കും. കാഞ്ഞങ്ങാട് നഗരസഭാ ചെയർമാൻ അധ്യക്ഷത വഹിക്കും. ഡോ.വത്സൻ പിലിക്കോട്, ദിനേശ് കുമാർ അനുസ്മരണം നടത്തും. പരിമിതികളെ സാധ്യതയാക്കി മാറ്റിയ മൗത്ത്പയിന്റർ സുനിത കുഞ്ഞിമംഗലം, മജീഷ്യൻ ഉമേശൻ ചെറുവത്തൂർ, തമ്പാൻ മാഷ്, ടെലിവിഷൻ പരിപാടികളിലൂടെ ശ്രദ്ധേയനായ അന്ധഗായകൻ പത്തു വയസ്സുകാരൻ ഗോകുൽ രാജ്, ചക്കര ബാബു, സജീവൻ പുത്തൂർ, ജിഷആലക്കോട്, വൃന്ദ രാജ്, കിരൺ ലാൽ എന്നിവർ കലാവിരുന്നൊരുക്കും. ബാലചന്ദ്രൻ എരവിൽ മോഡറേറ്ററാകും. ഡോക്ടറേറ്റ് നേടിയ വത്സൻ പിലിക്കോടിനെയും മാന്തോപ്പ് മൈതാനിയിൽ സ്നേഹവർണം ചാലിച്ച ചിത്രകാരന്മാരെയും അനുമോദിക്കും. ഭിന്നശേഷി വിഭാഗത്തിൽപെട്ട കുട്ടികൾ എട്ട് ഗ്രൂപ്പുകളായി പിരിഞ്ഞ് സംഘ കേളിയിൽ ഏർപ്പെടും.

## ക്വട്ടേഷൻ

ജില്ലാ കുടുംബശ്രീ മിഷൻ ഡി.ഡി.യു-ജി.കെ.വൈ പദ്ധതിയുടെ ഭാഗമായി ജില്ലയിലെ 38 സി.ഡി.എസുകളിലേക്ക് നോട്ടീസ്,ഡിസ്പ്ലേ ബോർഡുകൾ തയ്യാറാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു.

ബോർഡുകൾ 4*3 സ്ക്വയർ ഫീറ്റ് വലുപ്പത്തിൽ ആകർഷണീയമായ രീതിയിൽ തയ്യാറാക്കി ജില്ല യിലെ 38 ഗ്രാമപഞ്ചായത്തുകളിലെയും സി.ഡി.എസ്. ഓഫീസിൽ സ്ഥാപിച്ചു നൽകുന്നതിനാണു ക്വട്ടേ ഷൻ. കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിൽ ഡിസംബർ 7 ന് വൈകുന്നേരം നാലിനകം ക്വട്ടേഷൻ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്:- 04994-256111, 9745217538.

## അപേക്ഷ ക്ഷണിച്ചു

ജില്ലയുടെ സമഗ്ര വികസനത്തിനു രൂപം കൊടുത്ത കാസർകോട് വികസന പാക്കേജ് പ്രൊജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിലേക്കു വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. സിവിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഫസ്റ്റ് ഗ്രേഡ് സിവിൽ ഓവർസീയർ, ഫസ്റ്റ് ഗ്രേഡ് ഇലക്ട്രിക്കൽ ഓവർസീയർ, സെക്കൻഡ് ഗ്രേഡ് സിവിൽ ഓവർസീയർ, തേർഡ് ഗ്രേഡ് സിവിൽ ഓവർസീയർ എന്നീ തസ്തികളിലേക്കാണു നിയമനം. താൽപര്യമുള്ളവർ ബയോഡാറ്റ, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ സഹിതമുള്ള അപേക്ഷ ഡിസംബർ 15 നകം ജില്ലാ പ്ലാനിംഗ് ഓഫീസർ, സിവിൽ സ്റ്റേഷൻ, കാസർകോട്-671123 എന്ന വിലാസത്തിൽ സമർപ്പിക്കണം.

## ഫോട്ടോ ജേർണലിസം കോഴ്സ്: ഡിസംബർ 7 വരെ അപേക്ഷിക്കാം

കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷനിലെ തിരുവനന്തപുരം, എറ ണാകുളം സെന്ററുകളിൽ ആരംഭിക്കുന്ന ഫോട്ടോ ജേർണലിസം കോഴ്സിനു ഡിസംബർ 7 വരെ അപേക്ഷിക്കാം. അടിസ്ഥാന യോഗ്യത പ്ലസ് ടു. കോഴ്സ് കാലാവധി മൂന്നുമാസം.

A t] £ mt^ mdwA ¡ nZansh_ ¥sk änb www.keralamediaacademy.org എന്ന വെ ബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തു സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി-30 എന്ന വിലാസത്തിലോ കേരള മീഡിയ അക്കാദമി ,തിരുവനന്തപുരം സബ് സെന്റർ,ടി.സി 9/1487, ശാസ് തമംഗലം, തിരുവനന്തപുരം-10 എന്ന വിലാസത്തിലോ അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0484 2422275, 0484 2422068

## ലേബർ ബാങ്കിൽ അംഗമാകാം

കാർഷിക മേഖലയിലെ തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനു കാസർകോട് മുനിസിപ്പൽ പരിധിയിൽ കർഷകത്തൊഴിലാളികളുടെ ലേബർ ബാങ്ക് രൂപീകരിക്കുന്നു. ഇതിൽ ചേരാൻ സന്നദ്ധരായ തൊഴിലാളികളും തൊഴിലാളികളെ ആവശ്യമുള്ളരും കൃഷിഭവനുമായി ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക്-04994 230560

## സായുധസേന പതാകദിനാചരണം ഡിസംബർ ഏഴിന്

രാഷ്ട്രത്തിനുവേണ്ടി  ജീവൻ ത്യജിച്ച സൈനികർക്ക് ആദരവ് അർപ്പിക്കുന്നതിനായി ഈ മാസം ഏഴിനു സായുധസേനാ പതാകദിനാചരണം സംഘടിപ്പിക്കും. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിക്കുന്ന പരിപാടി രാവിലെ 10.30ന് എൻ.എ നെല്ലിക്കുന്ന് എംഎൽഎ ഉദ്ഘാടനം ചെയ്യും. ജില്ലാ കളക്ടർ ഡോ.ഡി സജിത്ത് ബാബു അധ്യക്ഷനാകും. ജില്ലാ സൈനിക ബോർഡ് വൈസ് പ്രസിഡന്റ് ബ്രിഗേഡിയർ ടി.സി അബ്രഹാം മുഖ്യപ്രഭാഷണം നടത്തും. ജില്ലാ ഇൻഫർമേഷൻ ഓഫീസർ റഷീദ് ബാബു, ജില്ലാ സൈനികക്ഷേമ ഓഫീസർ ജോസ് ടോംസ്, സഹകരണവകുപ്പ് ജോ.രജിസ്ട്രാർ മുഹമ്മദ് നൗഷാദ്, കെഎസ്ഇഎസ്എൽ പ്രസിഡന്റ് കെ.നാരായണൻ നായർ, വി.വി പത്മനാഭൻ, പി.പി സഹദേവൻ, പി രാജീവ്, വെൽഫയർ ഓർഗനൈസർ പി.ചന്ദ്രൻ തുടങ്ങിയവർ പങ്കെടുക്കും.

കേരള സർക്കാരിന്റെയും സൈനിക ക്ഷേമ വകുപ്പിന്റെയും നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന വിവിധ വിമുക്തഭട ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് വിമുക്തഭട ബോധവത്കരണ സെമിനാറും പതാകദിനാചരണത്തോടനുബന്ധിച്ച് സംഘടിപ്പിക്കും. സെമിനാറിൽ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ കെ.സ്നേഹലത, ജില്ലാ സൈനികക്ഷേമ ഓഫീസർ ജോസ് ടോംസ് എന്നിവർ പ്രഭാഷണം നടത്തും.  തുടർന്ന് എസ്എസ്എൽസി,പ്ലസ്ടു പരീക്ഷയിൽ  ഉന്നതവിജയം നേടിയ വിദ്യാർഥികളെ അനുമോദിക്കും. പരിപാടിയുടെ ഭാഗമായി രാവിലെ 10.20ന് കാർഗിൽ യുദ്ധ സ്മാരകത്തിൽ പുഷ്പചക്രം സമർപ്പണം നടത്തും.

## സ്കോളർഷിപ്പ് തുക കൈപ്പറ്റണം

ചെർക്കള ഗവ. ഹയർ സെക്കന്ററി സ്കൂളിൽ രണ്ടു ബാച്ചുകളുടെ സ്കോളർഷിപ്പ് ലഭ്യമാണ്.  2017-18 പ്ലസ് ടു ബാച്ച് ഒ.ബി.സി, ഒ.ഇ.സി വിഭാഗത്തിലെയും 2017-18 പ്ലസ് വൺ ഒ.ബി.സി, ഒ.ഇ.സി, എസ്.സി, എസ്.ടി വിദ്യാർത്ഥികളുടെയും സ്കോളർഷിപ്പാണു ലഭിക്കുക.  രക്ഷാകർത്താക്കളുമായി എത്തി സ്കൂൾ ഓഫീസിൽ നിന്നു ഡിസംബർ അഞ്ചിനകം തുക കൈപ്പറ്റണം.  ഫോൺ: 04994 282999.

## കല്ലുമ്മക്കായ കൃഷിക്ക് അപേക്ഷ ക്ഷണിച്ചു

ഫിഷറീസ് വകുപ്പ് ജില്ലയിൽ നടപ്പിലാക്കുന്ന കല്ലുമ്മക്കായ കൃഷിക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷാ ഫോറവും വിശദ വിവരങ്ങളും പഞ്ചായത്ത് തല അക്വാകൾച്ചർ പ്രൊമോട്ടർമാരിൽ നിന്നും ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ വിവിധ സെന്ററുകളിൽ അക്വാകൾച്ചർ പ്രൊമോട്ടർമാർ നേരിട്ട് സ്വീകരിക്കും. ഈ മാസം ഏഴു വരെ അപേക്ഷ സമർപ്പിക്കാം.

## അഭിമുഖം ഡിസംബർ ഏഴിന്

പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന നീർത്തട ഘടകത്തിൻ കീഴിൽ കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ നടപ്പിലാക്കി വരുന്ന പദ്ധതിയിലേക്കു വാട്ടർഷെഡ് ഡവലപ്പ്മെന്റ് ടീം എഞ്ചിനീയർ തസ്തികയിലേക്ക് അഭിമുഖം നടത്തുന്നു. 2019 മാർച്ച് 31 വരെയുള്ള കാലയളവിലേക്കു കരാർ അടിസ്ഥാനത്തിലാണു  നിയമനം. ഡിസംബർ ഏഴിനു രാവിലെ 10.30 നു ജില്ലാ പഞ്ചായത്തിലെ ദാരിദ്ര ലഘൂകരണ വിഭാഗം ഓഫീസിൽ അഭിമുഖത്തിനു ഹാജരാകണം.

(തുടരും)

# എം.പി. ഫണ്ട് അനുവദിച്ചു

പി.കരുണാകരൻ എം.പി യുടെ പ്രാദേശിക വികസനഫണ്ടിൽ നിന്നും വോർക്കാടി ഗ്രാമപഞ്ചായത്തിലെ മുഗുളു - സോഡങ്കൂർ റോഡ് ടാറിങ്ങിന് 15 ലക്ഷം രൂപ അനുവദിച്ചു.

# സമയ നിർണയ യോഗം ചേരും

കെ.എൽ 14.എം 6907, കെ.എൽ 18 8611 എന്നീ ബസുകളുടെ സമയ നിർണയ യോഗം ഡിസംബർ 11 നും കെ.എൽ, 60 4477, കെ.എൽ. 13 എക്സ് 1166 എന്നീ ബസുകളുടെ സമയ നിർണയ യോഗം ഡിസംബർ 13 നും, കെ.എൽ 11. എഎ 250, കെ.എൽ 14 ജി 7673, കെ.എൽ 14 ഡി 7167, എന്നീ ബസുകളുടെ സമയ നിർണയ യോഗം ഡിസംബർ 18 നും 10.30 ന് കാസർകോട് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ ചേമ്പറിൽ നടത്തും. ബന്ധപ്പെട്ട ബസ് ഓപ്പറേറ്റർമാർ ഒറിജിനൽ പെർമിറ്റും സമയ വിവരപ്പട്ടികയും സഹിതം യോഗത്തിൽ പങ്കെടുക്കണം.

# ദ്രുതവാട്ടത്തിനെതിരേ മരുന്ന് തളിക്കൽ:

# അപേക്ഷ സമർപ്പിക്കണം

ബദിയഡുക്ക, ബെള്ളൂർ കൃഷിഭവൻ പരിധിയിൽ കുരുമുളകിന്റെ ദ്രുതവാട്ടരോഗത്തിനെതിരെ അകോമിൻ മരുന്നുതളി നടത്തുന്നു. കുരുമുളക് കർഷകർ ഡിസംബർ ഏഴിനകം അതാതു കൃഷിഭവനിൽ അപേക്ഷ സമർപ്പിക്കണം.

# ഹരിതകർമ്മ സേനാംഗങ്ങൾ പഠനയാത്ര നടത്തി

മാതൃകാപരമായി നടക്കുന്ന മാലിന്യ സംസ്കരണ സംവിധാനത്തെപ്പറ്റി പഠിക്കുന്നതിനു ജില്ലാ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തെരഞ്ഞെടുത്ത 18 ഗ്രാമ പഞ്ചായത്തുകളിലെ രണ്ടുവീതം ഹരിതകർമ്മ സേനാംഗങ്ങൾക്കു വടകര മുൻസിപ്പാലിറ്റിയിലേക്കു പഠന യാത്ര നടത്തി.

രണ്ടു ദിവസങ്ങളിലായി നടത്തിയ യാത്രയിൽ സീറോവേസ്റ്റ് വടകര പദ്ധതിയുടെ ഭാഗമായി നടക്കുന്ന മാലിന്യ ശേഖരണം, യൂസർഫീ പിരിക്കൽ, എം.സിഎഫുകളിൽ വച്ചുള്ള മാലിന്യങ്ങളുടെ തരംതിരിക്കൽ, സ്വാപ്പ് റിപ്പയറിംഗ് ഷോപ്പുകളുടെ പ്രവർത്തനങ്ങൾ, തുമ്പൂർ മുഴി മോഡൽ ജൈവമാലിന്യ സംസ്കരണം, ഓഫീസ് നിർവഹണം എന്നിവ നേരിട്ട് കണ്ടു മനസിലാക്കി. സീറോ വേസ്റ്റ് വടകര പ്രോജക്ട് മാനേജർ ടി.പി ബിജു പദ്ധതി പ്രവർത്തനങ്ങൾ വിശദീകരിച്ചു.

# മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ നിധിയിലേക്ക്

# തുക കൈമാറി

വിദ്യാർത്ഥികളിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട അവബോധം സൃഷ്ടിക്കുക, ജില്ലയിലെ പാഴ്വസ്തുക്കളുടെ ശാസ്ത്രീയമായ പുനചംക്രമണം നടത്തുക, പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കു സാമ്പത്തിക സമാഹരണം നടത്തുക എന്നീ ലക്ഷ്യങ്ങളോടെ ജില്ലാ ഹരിതകേരളം മിഷൻ നടത്തുന്ന 'ഹരിതസ്പർശത്തിന് ഞാനും എന്റെ വിദ്യാലയവും' പദ്ധതിയുടെ ഭാഗമായി ചായ്യോത്ത് ഗവ: ഹയർസെക്കണ്ടറി സ്കൂളിലെ സ്റ്റുഡൻറ് പോലീസ് കേഡറ്റുകൾ സ്കൂൾ പരിസരത്തെ കച്ചവട സ്ഥാപനങ്ങളിൽ നിന്നും വീടുകളിൽ നിന്നും ശേഖരിച്ച പാഴവസ്തുക്കൾ വിറ്റു കിട്ടിയ തുക മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ നിധിയിലേക്കു ജില്ലാ കളക്ടർക്കു കൈമാറി. സ്റ്റുഡൻറ് പോലീസ് കേഡറ്റുകളായ വി ശ്രേയസ്, ടി.പി തീർത്ഥ, ഇ.വി പാർത്ഥിവ്, സി.പി.ഒ മാരായ ടി.വി ജയരാജൻ, എം നിർമ്മല തുടങ്ങിയവർ സംബന്ധിച്ചു.

(തുടരും)

## സ്വർണ്ണം ലേലം ചെയ്യും

ഉടമസ്ഥനില്ലാത്തതിനാൽ സർക്കാരിലേക്കു കണ്ടുകെട്ടിയ 4.600 ഗ്രാം തൂക്കം വരുന്ന സ്വർണ മാല ലേലം ചെയ്യും. ഡിസംബർ 18 ന്  ഉച്ചയ്ക്ക് 3 മണിക്ക് കാഞ്ഞങ്ങാട് റവന്യൂ ഡിവിഷനൽ ഓഫീസിലാണ് ലേലം നടത്തുന്നത്. കൂടുതൽ വിവരങ്ങൾക്ക്- 0467-2204298

## (അവസാനിച്ചു)

## മാധ്യമപ്രവർത്തകരുടെ ശ്രദ്ധയ്ക്ക്

---

കുഷ്ഠരോഗ നിർണയ പ്രചാരണ പരിപാടിയുടെ ഭാഗമായി 2018 ഡിസംബർ മൂന്നിന് ഉച്ചകഴിഞ്ഞു മൂന്നിനു ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത് ബാബു കളക്ടറുടെ ചേംബറിൽ പത്രസമ്മേളനം നടത്തുന്നു. മാധ്യമപ്രതിനിധികൾ പങ്കെടുക്കുവാൻ താൽപര്യം.

ജില്ലാ ഇൻഫർമേഷൻ ഓഫീസർ

കാസർകോട്